ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെന്നാണ എന്റെ ഓർമ്മ; അതെ.

കയർ വ്യവസായം.

* 2. [2] ശ്രീ. കെ. സി. എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർബോർഡിന്റെ പ്രവർത്തനം മൂലം കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി അഭിവൃദ്ധിപ്പെട്ടിട്ടുണ്ടോ ;

(ബി) കയർ വ്യവസായത്തിന്റെ വികസനത്തിൽ ഏതേതു നടപടികളാണ് ബോർഡ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഡൽഹിയിൽ നടത്തപ്പെട്ട അഖിലേന്ത്യാ വ്യവസായ പ്രദർശനത്തിനു നമ്മുടെ ഗവണ്മെന്റിനു എന്തു ചെലവായിട്ടുണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ, ബി) കയർബോർഡ് കേന്ദ്രഗവണ്മെന്റു സ്ഥാപനമാണ്. അതുകൊണ്ട് അതെ സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ ഈ ഗവണ്മെന്റിന്റെ കൈവശമില്ല.

(സി) ഡൽഹിയിൽ നടത്തപ്പെട്ട അഖിലേൻഡ്യാ വ്യവസായ പ്രദർശനത്തിനു നമ്മുടെ ഗവണ്മെന്റിനു നാലായിരം രൂപ ചെലവായിട്ടുണ്ട്.

ശ്രീ. കെ. സി. എബ്രഹാം : ഈ നാട്ടിലെ കയർവ്യവസായം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി മാത്രമാണോ ഈ തുക ചെലവാക്കി അവിടെ പ്രദർശനം നടത്തിയത്?

ശ്രീ. എ. എ. റഹീം: കയർഉൽപ്പന്നങ്ങളും മറ്റ് ഹാൻഡിക്രാഫ്റ്റു സാധനങ്ങളും അതായത് മരസാധനങ്ങൾ, ദന്തസാമാനങ്ങൾ കൊത്തുപണികൾ ഇവയും അവിടെ പ്രദർശിപ്പിക്കപ്പെട്ടു

ശ്രീ. കെ. സി. എബ്രഹാം : ഇതിലേക്ക് ഗവണ്മെന്റിൽ നിന്നും എതെങ്കിലും ഗ്രാന്റു നൽകുകയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം : അതിനുപ്രത്യേകം ചോദ്യം വേണം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ കയർ ബോർഡിന്റെ പ്രവർത്തനത്തെസംബന്ധിച്ചുള്ള റിപ്പോർട്ട ഗവണ്മെന്റിനു കിട്ടുന്നില്ലേ?

ശ്രീ. എ. എ. റഹീം: ഉണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ആ റിപ്പോർട്ട പരിശോധിച്ചാൽ നമുക്ക് കയർ ബോർഡിന്റെ പ്രവർത്തനം കൊണ്ട് കയർ വ്യവസായത്തിനു എന്തെങ്കിലും ഗുണം ഉണ്ടായിട്ടുണ്ടോ എന്നുള്ളതു അറിയാൻ കഴിയുകയില്ലേ ?

ശ്രീ. എ. എ. റഹീം: കയർബോർഡ് സ്ഥാപിതമായതിനുശേഷം കയർ വ്യവസായത്തിനു അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. അതിലേക്ക് കഴിഞ്ഞ 1951 മുതൽ 1955 വരെ ആലപ്പുഴയിൽനിന്നും കൊച്ചിയിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ഉള്ള കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽനിന്നും ഈ സംസ്ഥാനത്തിനുണ്ടായ വ്യവസായാഭിവൃദ്ധിയുടെ കണക്കുകൾ ഗവണ്മെൻറിന്റെ പക്കലുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: മുൻകൊല്ലങ്ങളിലെക്കാൾ എത്ര ശതമാനം കയർ കയറ്റുമതി വർദ്ധിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. എ. റഹീം: ശതമാനക്കണക്കു പറയാൻ നിവൃത്തിയില്ല. വ്യക്തമായ കണക്കുകൾ ഉണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ കയർബോർഡ് എന്തെങ്കിലും പ്രത്യേക നിർദ്ദേശങ്ങൾ ഗവണ്മെൻറിന്റെ മുമ്പാകെ വച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: അതിന് പ്രത്യേകം നോട്ടീസുവേണം.

ശ്രീ. പി. ആർ. മാധവൻ പിള്ള: കയർ ഉല്പന്നങ്ങൾക്ക് പുതിയ മാർക്കറ്റുകൾ കണ്ടുപിടിക്കുന്നതിനും കയർ വ്യവസായം വർദ്ധിപ്പിക്കുന്നതിനും ഈ ബോർഡുമൂലം സാധിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: കയർ ബോർഡിന്റെ കീഴിൽ സെയിൽസ് എംപോറിയം മുതലായവ തുടങ്ങാൻ പോവുകയാണ്. ഇതു കേന്ദ്രത്തിന്റെകീഴിൽ ആകയാൽ പരിപൂർണ്ണമായ വിവരങ്ങൾ അറിയാൻ കഴിഞ്ഞിട്ടില്ലഎന്നു ഞാൻ ആദ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ശ്രീ. പി. ആർ. മാധവൻ പിള്ള: പുതിയകമ്പോളങ്ങൾ കണ്ടുപിടിക്കുന്നതിനും കയർ വ്യവസായം വികസിപ്പിക്കുന്നതിനും ഈ ബോർഡു് വല്ലപ്രവർത്തനങ്ങളും നടത്തിയിട്ടുണ്ടോ?

മി. സ്പീക്കർ: കയർ ബോർഡുതന്നെ കേന്ദ്ര സബ്ജക്ടാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: നമ്മുടെ ഗവണ്മെൻറ് കയർ വ്യവസായ വികസനത്തിനായി ചെലവഴിക്കാൻ ഉദ്ദേശിച്ചിരുന്ന തുക മുഴുവൻ ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: മിക്കവാറും ചെലവഴിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: എത്ര ലക്ഷംരൂപാ ചെലവു് ചെയ്തു?

ശ്രീ. എ. എ. റഹീം: അതിനു പ്രത്യേകം ചോദ്യം വേണം.

ശ്രീ. പ്രാക്കുളംമോസി: തിരുവിതാംകൂർ–കൊച്ചിയിൽനിന്നും ഒരു പ്രതിനിധി ആ ബോർഡിലില്ലെ?

ശ്രീ. എ. എ. റഹീം: ഉണ്ട്.

ശ്രീ. പ്രാക്കുളംമോസി: പിന്നെ കയർ ബോർഡിന്റെ ഒരു പ്രത്യേക റിപ്പോർട്ട് ഈ ഗവണ്മെൻറിനാവശ്യമാണോ?

ശ്രീ. എ. എ. റഹീം: ആ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പ്രാക്കുളംമോസി: ഈ ഗവണ്മെൻറിന്റെ പ്രതിനിധി ഉള്ള ഭാഗം ഗവണ്മെൻറ് എന്തൊക്കെ ചെയ്യണമെന്നു് ഈ ഗവണ്മെൻറിനെ അറിയിക്കുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹീം: അറിയിക്കുന്നതാണ്.

ശ്രീ. പ്രാക്കുളംഭാസി: അങ്ങനെ അറിയിച്ചിട്ടുള്ള കാര്യങ്ങൾ ഈ ഗവർണ്മെൻറ നടപ്പിലാക്കിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: അതു് പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം.

ശ്രീ. പ്രാക്കുളംഭാസി: നടപ്പിലാക്കിയിട്ടില്ലാ എന്നു പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. എ. എ. റഹീം: അതിനു പ്രത്യേകചോദ്യം അയച്ചിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഈ ഗവണ്മെൻറിൻെറ പ്രതിനിധി ബോർഡിൽ ഇല്ലാ എന്നുള്ളതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: യഥാർത്ഥ കയർ ഉൽപാദകരുടെ പ്രതിനിധിയല്ല അവിടെയുള്ളതു് എന്നും, മാറിംഗ്സ് മുതലായവ ഉൽപ്പാദിപ്പിക്കുന്നവരുടെ പ്രതിനിധികളാണ എന്നും ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: അങ്ങനെ പരാതി ലഭിച്ചിട്ടുള്ളതായി അറിവില്ല.

ശ്രീ. യു. നീലകണ്ഠൻ: ഈ നാലായിരം രൂപാ പ്രദർശനത്തിനു വേണ്ടി ചെലവഴിച്ചു എന്നുപറഞ്ഞു. അതു കയറു ഉല്പന്നങ്ങളുടെ പ്രദർശനത്തിനുവേണ്ടി മാത്രമാണോ?

ശ്രീ. എ. എ. റഹീം: അതെപ്പറ്റി ഞാൻ ഇവിടെ പറഞ്ഞു കഴിഞ്ഞു.

ശ്രീ. യു. നീലകണ്ഠൻ: കേന്ദ്രവാണിജ്യ മന്ത്രി നമ്മുടെവക കയർ പ്രദർശനശാല സന്ദർശിച്ച അവസരത്തിൽ അവിടെ ആരും ഇല്ലായിരുന്നുവെന്നുപറഞ്ഞതു ശരിയാണോ?

ശ്രീ. എ. എ. റഹീം: അതെസംബന്ധിച്ചു യാതൊരുവിവരവും ഈ ഗവണ്മെൻറിനില്ലാത്തതുകൊണ്ടു മറുപടിപറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: കയർ വ്യവസായവികസനത്തിനു നീക്കിവച്ചിട്ടുള്ള തുക കയർ ബോർഡുമുലം ചെലവാക്കാനാണോ ഗവണ്മെൻറ ഉദ്ദേശിച്ചിരിക്കുന്നതു്?

ശ്രീ. എ. എ. റഹീം: ഇന്നവിധത്തിൽ ഇന്നവർ മുഖാന്തരം ചെലവാക്കണമെന്നു നിശ്ചയിച്ചിട്ടില്ല.

ശ്രീ. ജെ. എ. ട്ടേ: കയർ ബോർഡിൽനിന്നും വല്ലപദ്ധതികളും ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: കയർ വ്യവസായ വികസനത്തിനു ബോർഡിൽനിന്നും സമർപ്പിച്ചിട്ടുള്ള പദ്ധതികളും ഉണ്ടു്. അതനുസരിച്ചുള്ള പ്രവർത്തനങ്ങളും നടത്തുന്നുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly